177 (1399) ഗ്രന്ഥശാലാ സംഘത്തിന് നൽകിയ തുക

<u>ശ്രീ. കെ.പി. വിശ്വനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996-97, 1997-98, 1998-99, 1999-2000 എന്നീ വർഷങ്ങളിൽ സംസ്ഥാന ഗവണ്മെന്റ് വിദ്യാഭ്യാസത്തിന് നീക്കിവച്ചിരുന്ന തുകയുടെ എത്ര ശതമാനം തുക കേരളാ ഗ്രന്ഥശാലാ സംഘത്തിന് നൽകിയെന്ന് വ്യക്തമാക്കുമോ;

(ബി) 1996-97, 1997-98, 1998-99, 1999-2000 എന്നീ വർഷങ്ങളിൽ കെട്ടിടനിർമ്മാണത്തിന്റെ പേരിൽ ലൈബ്രറികൾക്ക് പിരിക്കുന്ന സെസ് വകയിൽ എത്ര രൂപ കേരള ഗ്രന്ഥശാലാ സംഘത്തിന് കിട്ടിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഗ്രന്ഥശാലാസംഘത്തിന്റെ 1996 മുതൽ 2000 വരെയുള്ള സാമ്പത്തികവർഷങ്ങളിൽ ബഡ്ജറ്റിലുള്ള തുക ചെലവഴിക്കാതിരുന്നിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) 1996-97, 1997-98, 1998-99 വർഷങ്ങളിലെ ബഡ്ജറ്റിൽ വിദ്യാഭ്യാസത്തിന് വകകൊള്ളിച്ച തുകയുടെ യഥാക്രമം 0.55%, 0.15%, 0.23% തുക കേരള ഗ്രന്ഥശാലാ സംഘത്തിനു നൽകിയിട്ടുണ്ട്. 1999-2000 വർഷത്തിൽ 0.21% തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ബി) 1999 നവംബർ മാസം വരെ 7,01,11,499/- രൂപ സെസ് ഇനത്തിൽ ഗ്രന്ഥശാലാ സംഘത്തിന് ലഭിച്ചിട്ടുണ്ട്.

(സി) 1997-98 ലെ ബഡ്ജറ്റ് വിഹിതം മുഴുവൻ ചെലവഴിക്കാൻ കഴിഞ്ഞില്ല. മിച്ചം വന്ന 1 കോടി 12 ലക്ഷം രൂപ സർക്കാരിൽ തിരിച്ചടച്ചു. 1999-2000 ലെ കണക്ക് പൂർത്തിയായിട്ടില്ല.

178 (1400) ഗ്രന്ഥശാലാ സംഘം ഇലക്ഷൻ

<u>ശ്രീ. കെ. സുധാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറ്റവും ഒടുവിൽ നടന്ന ഗ്രന്ഥശാലാസംഘം ഇലക്ഷൻ സംബന്ധിച്ച എല്ലാ നടപടിക്രമങ്ങളും പൂർത്തിയായിട്ടുണ്ടോ; എങ്കിൽ ഏത് തീയതിയിലാണ്;

(ബി) ഈ ഇലക്ഷൻ സംബന്ധിച്ച് എത്ര പരാതിക്ക് തീർപ്പ് കൽപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഗ്രന്ഥശാലാ ഇലക്ഷൻ സംബന്ധിച്ച പരാതി സ്വീകരിക്കുന്നതിനും തീർപ്പുകൽപ്പിക്കുന്നതിനും ഏതെല്ലാം സമിതികളെ ചുമതലപ്പെടുത്തിയിരുന്നു; പ്രസ്തുത സമിതികൾക്ക് എത്ര പരാതി ലഭിച്ചു;

(ഡി) ഗ്രന്ഥശാലാ സംഘം സംസ്ഥാന കമ്മിറ്റി ഇലക്ഷൻ എന്നാണ് നടന്നത്; പുതിയ കമ്മിറ്റി ചാർജ്ജ് എടുക്കുന്നതിനുള്ള കാലതാമസത്തിന് കാരണം എന്താണെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly